LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നഗരത്തിലെ മൊബൈൽ മാവേലി സ്റ്റോർ

47 [2016] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മൊബൈൽ മാവേലി സ്റ്റോർ ഇപ്പോൾ സേവനം നടത്തിക്കൊണ്ടിരിക്കുന്ന പരിധി വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എലത്തൂർ പഞ്ചായത്തിൽ ജി.സി.ഡി.എ. തുടങ്ങിയ ബസ് സ്റ്റാന്റുവരെ മൊബൈൽ മാവേലി സ്റ്റോർ നീട്ടണം എന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആവശ്യം അനുവദിച്ച് കോഴിക്കോട് പുതിയങ്ങാടിവരെ വരുന്ന മൊബൈൽ മാവേലി സ്റ്റോർ എലത്തൂർ ബസ് സ്റ്റാന്റുവരെ നീട്ടാൻ ഉത്തരവ് ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) എലത്തൂർ പഞ്ചായത്തിൽ പോലീസ് സ്റ്റേഷനുസമീപം (ജി.സി.ഡി.എ. ബസ് സ്റ്റാന്റിന് തെക്കുവശം) എല്ലാ തിങ്കളാഴ്ചയും കൊയിലാണ്ടി ഡിപ്പോയുടെ മൊബൈൽ മാവേലി സ്റ്റോർ പ്രവർത്തനം നടത്തിവരുന്നതിനാൽ കോഴിക്കോട് നഗര പരിധിയിൽ ഓടുന്ന മൊബൈൽ മാവേലി സ്റ്റോർ എലത്തൂരിലേയ്ക്ക് നീട്ടേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

48 [2017] ശ്രീമതി. ഗിരിജാസുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പുതുതായി തുടങ്ങി; എത്ര എണ്ണം അടച്ചുപൂട്ടി; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മാവേലി സ്റ്റോർ മുഖേന ലഭിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വില ഓരോന്നിനും ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്രവീതം കുറയ്ക്കുകയും കൂട്ടുകയും ചെയ്തു എന്നുള്ള വിശദവിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ കല്ലടിക്കോട് എന്ന സ്ഥലത്ത് പുതുതായി ഒരു മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുകയും കാരക്കുറിശ്ശിയിൽ തുടങ്ങാനുള്ള പ്രവർത്തനം പുരോഗമിക്കുക

യുമാണ്. കോണ്ടോട് എന്ന സ്ഥലത്തെ മാവേലി സ്റ്റോർ 1995-ൽ അടച്ചു പൂട്ടിയത് തുറന്ന് പ്രവർത്തിക്കാൻ പഞ്ചായത്തിൽനിന്നും കെട്ടിടം ആവശ്യപ്പെട്ടിരിക്കയാണ്.

(ബി) ഇതുസംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോർ

49 [2018] ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മാവേലി സ്റ്റോർ നിലവിലില്ലാത്ത ഏക പഞ്ചായത്തായ കടവല്ലൂരിൽ അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ അനുവദിക്കാവുന്നതാണ്.

പുതുതായി ആരംഭിക്കുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകൾ

50 [2019] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതുതായി ന്യായവില മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നുണ്ടോ;

(ബി) നിലവിൽ ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിൽ ന്യായവില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) മെഡിക്കൽ സ്റ്റോറിന് അനുയോജ്യമായ സ്ഥലം ലഭിക്കുന്നതനുസരിച്ച് മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ആലോചനയുണ്ട്.

(ബി) മെഡിക്കൽ സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly